# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6503** — **03/04/2018-ൽ മറുപടിയ്ക്ക്**

### "ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പെൻഷൻ തുകയിൽ ഏകീകരണം"

**ചോദ്യം**

ഡോ. എൻ. ജയരാജ്:

**മറുപടി**

**ശ്രീ. ടി.പി. രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് പെൻഷനായി നൽകി വന്നിരുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ; ജോലി ചെയ്ത കാലയളവിനനുസരിച്ച് ലഭിക്കുന്ന പെൻഷനിൽ വ്യത്യാസമുണ്ടായിരുന്നോ; വിശദമാക്കാമോ; നിരക്ക് പട്ടിക ലഭ്യമാക്കാമോ;

(എ) 19.02.16 തീയതിയിലെ സ.ഉ.(എം.എസ്) 42/16/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ 8 വർഷം അംഗത്വമുള്ളതും 60 വയസ് പൂർത്തിയാക്കിയവരുമായ ടേബിൾ I, II, II (a) (ബസ്, ടൂറിസ്റ്റ് ബസ്, ലോറി) എന്നിവയിലുൾപ്പെട്ടതും ടേബിൾ III,IV (ടാക്സികാർ, ടെമ്പോട്രാവലർ, ഓട്ടോറിക്ഷ) എന്നിവയിലുൾപ്പെട്ട തൊഴിലാളികൾ സർവ്വീസിൽ നിന്നും പിരിയുമ്പോൾ പ്രതിമാസം യഥാക്രമം 1000/- രൂപയും, 750/- രൂപയും മിനിമം പെൻഷൻ നൽകിവന്നിരുന്നു. കൂടാതെ 8 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള ടേബിൾ I, II, II (a) എന്നിവയിൽ ഉൾപ്പെട്ട തൊഴിലാളിയ്ക്ക് 75/- രൂപയും ടേബിൾ III,IV എന്നിവയിലുൾപ്പെട്ട തൊഴിലാളിയ്ക്ക് 50/- രൂപയും അധികമുള്ള ഓരോ വർഷത്തിനും വാർഷിക വർദ്ധനവായി അനുവദിച്ചിരുന്നു.

| വാഹന ഇനം | പെൻഷൻ നിരക്ക് | വാർഷിക വർദ്ധനവ് |
|---|---|---|
| ടേബിൾ I, II, II (a) | 1000/- | 75/- |
| ടേബിൾ III,IV | 750/- | 50/- |

(ബി) ഈ സർക്കാർ വന്നതിനുശേഷം വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പെൻഷൻ ഏകീകൃത നിരക്ക് ആക്കി നിജപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ പ്രസ്തുത നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ; ജോലി ചെയ്ത കാലയളവിനനുസരിച്ച് ലഭിക്കുന്ന

(ബി) 06.08.16 തീയതിയിലെ സ.ഉ.(കൈ) 129/2016/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ ക്ഷേമനിധി പെൻഷനും 1/06/16 മുതൽ പ്രതിമാസം 1000/- രൂപയാക്കിയും 04/08/17 തീയതിയിലെ സ.ഉ(കൈ) 359/2017/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01/04/2017 മുതൽ ക്ഷേമനിധി പെൻഷൻ പ്രതിമാസം 1100/- രൂപ

| | | | |
|---|---|---|---|
| | പെൻഷൻ തുകയുടെ പുതിയ നിരക്ക് പട്ടിക ലഭ്യമാക്കാമോ: | | യാക്കിയും വർദ്ധിപ്പിച്ചിരുന്നു. 04/08/17 ലെ മേൽ ഉത്തരവിൽ 1100/-രൂപയിൽ കൂടുതൽ സർക്കാർ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അതേനിരക്കിൽ തന്നെ തുടരാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. സർക്കാർ ധനസഹായത്തോടെ പെൻഷൻ നല്കുന്ന ക്ഷേമനിധി ബോർഡുകളിലും കേരള കെട്ടിട നിർമാണ ക്ഷേമബോർഡിലും പെൻഷൻ ഏകീകൃതനിരക്കായ 1100 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. തനതുഫണ്ടിൽ നിന്നും പെൻഷൻ നല്കുന്ന കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ക്ഷേമനിധി ബോർഡുകളിൽ സർവീസ് കാലയളവിന് അനുസരിച്ചാണ് പെൻഷൻ നൽകി വരുന്നത്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത്തരത്തിലുള്ള ഏകീകരണം മൂലം മുൻപ് ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ തുകയിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കുറവുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**തനതുഫണ്ടിൽ നിന്ന് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ ജോലി ചെയ്ത കാലയളവിനനുസരിച്ച് ലഭിക്കുന്ന പെൻഷൻ തുകയുടെ പുതിയ നിരക്ക് പട്ടിക**

**കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്**

| സർവ്വീസ് കാലയളവ് | നൽകുന്ന പെൻഷൻ |
|---|---|
| 15 വർഷം വരെ | 2000/- രൂപ |
| 15 മുതൽ 20 വർഷം വരെ | 2500/- രൂപ |
| 20 മുതൽ 25 വർഷം വരെ | 3000/- രൂപ |
| 25 മുതൽ 30 വർഷം വരെ | 3500/- രൂപ |
| 30 മുതൽ 35 വർഷം വരെ | 4500/- രൂപ |
| 35 വർഷത്തിനു മുകളിൽ | 5000/- രൂപ |

**കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്**

| സർവ്വീസ് കാലയളവ് | നൽകുന്ന പെൻഷൻ |
|---|---|
| 10 വർഷം വരെ | 1100 |
| തുടർന്നുള്ള ഓരോ അധിക വർഷ സർവ്വീസിനും | 50/- രൂപ ക്രമത്തിൽ പരമാവധി 2000/- രൂപ |

**കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

8 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള എല്ലാ വിഭാഗം തൊഴിലാളികൾക്കും 1100/-രൂപ പെൻഷൻ നല്കി വരുന്നു. കൂടാതെ ടേബിൾ I, II, II (a) (ബസ്, ടൂറിസ്റ്റ് ബസ്,ലോറി) എന്നിവയിൽ ഉൾപ്പെട്ട തൊഴിലാളിയ്ക്ക് 75/- രൂപയും ടേബിൾ III, IV (ടാക്സികാർ, ടെമ്പോ ട്രാവലർ, ഓട്ടോറിക്ഷ) എന്നിവയിൽ ഉൾപ്പെട്ട തൊഴിലാളിയ്ക്ക് 50/- രൂപയും അധികമുള്ള ഓരോ വർഷത്തിനും വാർഷിക വർദ്ധനവായി അനുവദിച്ച നൽകിവരുന്നു.

**കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്**

അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് അവരുടെ സേവന ദൈർഘ്യവും വേതനവും കണക്കാക്കി മിനിമം 1100/- രൂപ മുതൽ പരമാവധി [illegible] രൂപ വരെ പെൻഷൻ നൽകി വരുന്നു. പദ്ധതി പ്രകാരം അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് 6 വർഷം സേവനവും ഓരോ വർഷവും 160 നു മുകളിൽ ഹാജരും ഉണ്ടായിരിക്കണം. 01/04/2017 മുതൽ സർക്കാർ ഉത്തരവ് പ്രകാരം സ്കാറ്റേർഡ് വിഭാഗത്തിലെ എല്ലാ പെൻഷൻ ഗുണഭോക്താക്കൾക്കും പ്രതിമാസം 1100/-രൂപാ (ആയിരത്തി ഒരു നൂറു രൂപാ മാത്രം) പെൻഷൻ നല്കി വരുന്നു.

സെക്ഷൻ ഓഫീസർ